ചേർപ്പ് 110 കെ.വി. സബ്സ്റ്റേഷന്റേയും ചിറക്കൽ പാലയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷന്റേയും നിർമ്മാണം

94 (246) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സബ്സ്റ്റേഷനിലേക്കുള്ള ലൈൻ വലിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ഡി) ചിറയ്ക്കൽ, പാലയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷനുകൾക്കുള്ള സ്ഥലം എടുക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ഇ) ഈ രണ്ട് 33 കെ. വി. സബ് സ്റ്റേഷനുകളും ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒന്നാംഘട്ടം നിർമ്മാണം കഴിഞ്ഞു.

(ബി) ഉണ്ട്. മാടക്കത്തറ-വലപ്പാട് 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ വലിക്കുന്നതിനെതിരെ ഒല്ലൂരിലെ ഗ്രീൻഫീൽഡ് അസോസിയേഷൻ തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്.

(സി) ലൈൻ വലിച്ചുകൊണ്ടിരിക്കുന്ന റൂട്ടിൽ നിന്നും മാറ്റി വലിക്കുന്നതിനും (ചീരാച്ചിയിൽ ലൊക്കേഷൻ നം. ബി-18നും ബി-21നും ഇടയിൽ) ആയതിന്റെ ചിലവ് അസോസിയേഷൻ വഹിക്കുന്നതിനും തൃശ്ശൂർ അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അസോസിയേഷൻ പണം അടയ്ക്കുന്നതിന് തയ്യാറായില്ല.മാത്രമല്ല, ഇതിനെതിരെ അസോസിയേഷൻ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി 7-4-2000-ൽ 3 മാസത്തെ സ്റ്റേ അനുവദിച്ചു. അസോസിയഷൻ പണം അടയ്ക്കുന്നതിനെതിരെ അനുവദിച്ച തടസ്സം നീക്കാനും, ബോർഡ് ഈ ലൈൻ വലിച്ചുകൊണ്ടിരുന്ന റൂട്ടിൽ കൂടി തന്നെ ലൈൻ വലിക്കുന്നതിനുമുള്ള അനുമതിക്കായി ബോർഡ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

(ഡി) ഈ സബ്സ്റ്റേഷനുകളുടെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നെഗോഷ്യേറ്റഡ് പർച്ചേസ് പരാജയപ്പെട്ടതനുസരിച്ച് നിർബന്ധിത അക്വിസിഷനുള്ള നടപടികൾ എടുത്തു വരുന്നു.

(ഇ) സ്ഥലം ലഭ്യമായാലുടനെ ജോലികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly